"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) ഡയറക്ടർ ജനറലായ ഡോ. ജോയ് ഇളമണിന്റെ സേവനകാലാവധി 19.05.2020 മുതൽ രണ്ടു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.909/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/05/2020

പരാമർശം:- 1 09.01.2017- ലെ സ.ഉ.(സാധാ)നം.52/2017/ത.സ്വ.ഭ.വ.

2 05.05.2017- ലെ സാ.ഉ.(സാധാ)നം..1445/2017/ത.സ്വ.ഭ.വ.

3 06.01.2020 -ലെ സ.ഉ.(കൈ.)നം.10/2020/ത.സ്വ.ഭ.വ.

4 ഡോ. ജോയ് ഇളമൺ 07.05.20-ൽ ഇ-മെയിൽ സന്ദേശം

<u>ഉത്തരവ്</u>

കില ഡയറക്ടർ തസ്തികയിലേക്ക് അനുയോജ്യനായ വ്യക്തിയെ തെരഞ്ഞെടുക്കുന്നതിനായി പരാമർശം (1) പ്രകാരം ഒരു എക്സ്പർട്ട് കമ്മിറ്റി രൂപീകരിച്ചിരുന്നു. ടി കമ്മിറ്റി 01/02/2017-ൽ യോഗം ചേരുകയും കില ഡയറക്ടർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി യോഗ്യതയും തെരഞ്ഞെടുപ്പ് രീതിയും തീരുമാനിക്കുകയും ചെയ്തു. 3 വർഷത്തേക്കായിരിക്കും നിയമനം എന്നും നിയമിക്കപ്പെടുന്ന വ്യക്തിയുടെ പ്രവർത്തന മികവിന്റെയും പരസ്പര സമ്മതത്തിന്റെയും അടിസ്ഥാനത്തിൽ 5 വർഷം വരെ നിയമനം ദീർഘിപ്പിച്ചു നൽകാവുന്നതാണെന്നും എക്സ്പർട്ട് കമ്മിറ്റി തീരുമാനിക്കുകയും അപ്രകാരം മിനിട്സിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കി എക്സ്പർട്ട് കമ്മിറ്റി സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ ഡോ. ജോയ് ഇളമണിനെ (ഹാപ്പി ഹോം, നന്ദനം ഹിൽസ്, അറപ്പുര, വട്ടിയൂർക്കാവ്, തിരുവനന്തപുരം) ചാർജെടുക്കുന്ന തീയതി മുതൽ 3 വർഷ കാലയളവിലേക്ക് കില ഡയറക്ടറായി പരാമർശം (2) പ്രകാരം നിയമിക്കുകയും ടിയാൻ 19.05.2017-ൽ കില ഡയറക്ടറായി ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. പരാമർശം (3) പ്രകാരം കിലയിലെ "ഡയറക്ടർ' തസ്തിക "ഡയറക്ടർ ജനറൽ" എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്.

2) 19.05.2017-ൽ കില ഡയറക്ടറായി ജോലിയിൽ പ്രവേശിച്ച ഡോ. ജോയ് ഇളമണിന്റെ നിയമന കാലാവധി 18.05.2020-ൽ അവസാനിക്കുകയാണ്. കിലയിലെ ഡയറക്ടർ ജനറൽ തസ്തികയിൽ തുടരുന്നതിന് താത്പര്യമുണ്ടെന്ന് പരാമർശം (4) പ്രകാരം ടിയാൻ അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി, ഡോ.ജോയ് ഇളമൺ-ന് താല്പര്യമുള്ള പക്ഷം, അദ്ദേഹത്തിന്റെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ കില ഡയറകർ തസ്തികയിലെ സേവനകാലം അഞ്ചു വർഷം വരെ ദീർഘിപ്പിച്ചു നല്കുവാൻ ശിപാർശ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമണിന്റെ സേവന കാലാവധി 19.05.2020 മുതൽ രണ്ടു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ആർ .എസ് .കണ്ണൻ

സ്പെഷ്യൽ സെക്രട്ടറി

ഡോ. ജോയ് ഇളമൺ, ഹാപ്പി ഹോം, നന്ദനം ഹിൽസ്, അറപ്പുര, വട്ടിയൂർക്കാവ്, തിരുവനന്തപുരം.

ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.

File No.LSGD-IB2/65/2020-LSGD

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. & എസ്.എസ്.എ./ഇ.& ആർ.എസ്.എ.), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.